പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.776 08.11.2016-ൽ മറുപടിയ്ക്ക്

## ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട അഴിമതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.സ്വരാജ്<br>ശ്രീ.ആർ.രാജേഷ്<br>ശ്രീ.ഐ.ബി.സതീഷ്<br>ശ്രീ.കെ.ജെ.മാക്സി | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് നടന്ന ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട അഴിമതി ആരോപണങ്ങളെക്കുറിച്ച് ധനകാര്യ വിഭാഗവും, സി & എ ജി-യും നടത്തിയ പരിശോധന റിപ്പോർട്ടിലെ കണ്ടെത്തലുകൾ അറിയിക്കാമോ ; | (എ) | ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട അഴിമതി ആരോപണങ്ങളെക്കുറിച്ച് ധനകാര്യ വിഭാഗവും, സി & എ ജി യും പരിശോധനകൾ നടത്തിയിട്ടില്ല. എന്നാൽ 35-ാം ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളും വരവുചെലവു കണക്കുകളും അക്കൗണ്ടന്റ് ജനറലും കേരള സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ടുമെന്റും വിശദമായ പരിശോധനകൾ നടത്തുകയും റിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | റൺ കേരള റൺ എന്ന പേരിൽ ദേശീയ ഗെയിംസിന്റെ പ്രചരണത്തിനായി ടെൻഡർ നൽകാതെ മലയാള മനോരമ കമ്പനി ലിമിറ്റഡിന് കരാർ നൽകിയതിൽ ഉണ്ടായ നഷ്ടം എത്രയെന്ന് ഓഡിറ്റ് റിപ്പോർട്ടുകളിൽ കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്താമോ ; | (ബി) | 'ടെൻഡർ നൽകാതെ കരാർ നൽകിയതുമൂലമുള്ള നഷ്ടത്തെക്കുറിച്ച് ആഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശമില്ല. എന്നാൽ നടപടി ക്രമങ്ങളിൽ സംഭവിച്ച വീഴ്ചകളെ സംബന്ധിച്ച് പരാമർശമുണ്ട്. |
| (സി) | പ്രസ്തുത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സമഗ്രമായ അന്വേഷണം നടത്തുമോ ; വിശദമാക്കാമോ ? | (സി) | പരിശോധിച്ച് വരുകയാണ്. |

Manoj M

സെക്ഷൻ ഓഫീസർ